US PROFILES

ഡോ. ജെയ്‌മോൾ ശ്രീധർ

emalayalee.com

സ്ത്രീകൾ സ്വപ്നങ്ങൾ മാറ്റിവയ്ക്കരുത്: ഡോ. ജെയ്മോൾ ശ്രീധർ

ഫോമയുടെ കരുത്തുറ്റ വനിതാനേതൃത്വം

◉ മീട്ടു റഹ്മത്ത് കലാം

അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനയായ ഫോമായുടെ നിലവിലെ ഭരണ സമിതിയിലെ ഏക സ്ത്രീ സാന്നിധ്യമാണ് ഡോ. ജെയ്മോൾ ശ്രീധർ. ഫോമായുടെ ജോയിന്റ് സെക്രട്ടറി എന്ന പദവി അലങ്കരിക്കുന്ന ഈ കോട്ടയം സ്വദേശി,ഒരേസമയം വൈഡ്നർ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറായും സിആർഎൻപി പ്രാക്റ്റീഷണറായും പ്രവർത്തിച്ചുവരികയാണ്.കേരള ലിറ്റററി അസോസിയേഷൻ ഓഫ് അമേരിക്ക (കല)യുടെ പ്രസിഡന്റ്, വിമൻസ് ഫോറം ചെയർ, ഫോമായുടെ മിഡ് അറ്റ്ലാന്റിക് റീജിയൻ ചാരിറ്റി കോ-ഓർഡിനേറ്റർ, വിമൻസ് റെപ്പ്, മിഡ്-അറ്റ്ലാന്റിക് റീജിയൻ സെക്രട്ടറി എന്നീ നിലകളിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. ഫോമായുടെ കേരള കൺവൻഷന്റെ രണ്ടാം ഘട്ടത്തിലെ മുഖ്യ ആകർഷണമായിരുന്ന സമ്മർ ടു കേരള എന്ന ആശയം വൻവിജയമായി തീർന്നതിന്റെ ആഹ്ലാദത്തിൽ,ഡോ.ജെയ്മോൾ ശ്രീധർ ഇ-മലയാളി വായനക്കാർക്ക് മുൻപിൽ മനസുതുറക്കുന്നു...

അമേരിക്കയിൽ എത്തുന്നതിന് മുൻപുള്ള ജീവിതം?

കോട്ടയം പാലാ മരങ്ങാട്ടുപള്ളിയാണ് സ്വദേശം.പപ്പയ്ക്കും മമ്മിക്കും വീട്ടിൽ ഞങ്ങൾ രണ്ടു പെണ്മക്കളാണ്.നാട്ടിൽ തന്നെയുള്ള സെന്റ് തോമസ് ഹൈസ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.പഠിച്ചു മിടുക്കിയാകണം എന്നുള്ള ഉപദേശം അപ്പാടെ അനുസരിക്കുന്ന, എപ്പോഴും ഒന്നാം സ്ഥാനത്തെത്തുന്ന വിദ്യാർത്ഥിയായിരുന്നു.ബെസ്റ്റ് ഔട്ട്ഗോയിങ് സ്റ്റുഡന്റായാണ് പത്താം ക്ലാസ് പാസായത്. പാലാ അൽഫോൻസാ കോളജിൽ പ്രീഡിഗ്രി പഠിക്കുമ്പോൾ, മെഡിക്കൽ എൻട്രൻസും എഞ്ചിനീയറിംഗ് എൻട്രൻസും എഴുതി. രണ്ടി

നും സ്കോർ കിട്ടി.കോട്ടയം മെഡിക്കൽ കോളജിൽ ബി.എസ്.സി നഴ്സിങ്ങിനാണ് ചേർന്നത്. പിന്നീട്,അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് സൈക്കോളജിയിൽ എം.എ യും കസ്തൂർബാ മെഡിക്കൽ കോളജിൽ നിന്ന് സൈക്യാട്രിക് നഴ്സിങ്ങിൽ മാസ്റ്റേഴ്സും ചെയ്തു.അധ്യാപനത്തിലൂടെ തുടക്കം കുറിച്ച എന്റെ നേതൃപാടവവും കഴിവും കൊണ്ട്, അധികൃതർ എന്നെ കോളജിന്റെ ഓവറോൾ ഇൻ-ചാർജ് എന്ന ചുമതല ഏല്പിച്ചു. നഴ്സിംഗ് - ഫിസിയോതെറാപ്പി- ആർട്സ്- സയൻസ് എന്നീ വകുപ്പുകളിലായി ആയിരത്തിലധികം വിദ്യാർത്ഥികളും 200 ലധികം ഫാക്കൽറ്റികളുമുള്ള വലിയ കോളജിൽ, അങ്ങനൊരു തസ്തികയിൽ പ്രവർത്തിക്കാൻ സാധിച്ചത് മുന്നോട്ടുള്ള ജീവിതത്തിൽ ഒരുപാട് ഗുണം ചെയ്തിട്ടുണ്ട്. കോ-ഓർഡിനേഷന്റെ ബാലപാഠങ്ങൾ അവിടെനിന്നാണ് സ്വായത്തമാക്കിയത്.

പെട്ടെന്നുള്ള പറിച്ചുനടലുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ടിയിരുന്നോ?

2004 ലാണ് അമേരിക്കയിൽ എത്തിയത്.വിവാഹം കഴിഞ്ഞ് മൂന്ന് മാസമേ ആയിരുന്നുള്ളു.ഞാൻ എത്തി മൂന്ന് മാസങ്ങൾക്കു ശേഷമാണ് ഭർത്താവ് സുജിത്ത് ശ്രീധർ ഇവിടേക്ക് വന്നത്. നാട്ടിൽവച്ച് സിജിഎഫ്എൻഎസ് എഴുതിയാണ് എനിക്ക് ന്യൂയോർക്കിലെ ഹോസ്പിറ്റലിൽ ജോലി ലഭിച്ചത്.നിയമനം ഏജൻസി മുഖേന ആയിരുന്നില്ല.ഏതൊരു മലയാളിയും ആദ്യം നേരിടുന്ന കൾച്ചർ ഷോക്ക് തന്നെയായിരുന്നു പ്രധാന പ്രശ്നം. ഏതാനും മാസങ്ങൾ രാത്രികാലങ്ങളിൽ ഒറ്റയ്ക്കുകിടന്ന് കരഞ്ഞിട്ടുപോലുമുണ്ട്.എന്തിനാണ്ഇങ്ങോട്ട് വന്നതെന്നും,തീരുമാനം തെറ്റായിപ്പോയോ എന്നുമുള്ള ആശയക്കുഴപ്പത്തിലായിരുന്നു കുറച്ചുനാൾ. വലിയൊരു പൊസിഷനിൽ ഇരുന്നിട്ട് പെട്ടെന്ന് ഒരു രോഗിയുടെ കിടക്കയ്ക്കരികിലേക്ക് മാത്രം ജോലി ചുരുങ്ങിയപ്പോൾ, അതുമായി പൊരുത്തപ്പെടാൻ പാടുപെട്ടു. മെച്ചപ്പെട്ട ശമ്പളം എന്ന ലക്ഷ്യത്തോടെ ഇതൊക്കെ പ്രതീക്ഷിച്ചാണ് ആളുകൾ വിദേശത്തേക്ക് പറക്കുന്നതെന്ന് ചിന്തിക്കാനുള്ള പക്വത പിന്നീടാണ് ഉണ്ടായത്.

ന്യൂയോർക്കിൽ നിന്ന് പെൻസിൽവേനിയയിലേക്ക് മാറാൻ കാരണം?

മക്കൾ ജനിച്ചത് ന്യൂയോർക്കിലാണ്. വളരെ ചിലവേറിയ സ്ഥലമായതുകൊണ്ടാണ് ഒരുമാറ്റം ആഗ്രഹിച്ചത്. അങ്ങനെ, അഞ്ചുവർഷങ്ങൾക്ക്

ശേഷം പെൻസിൽവേനിയയിലേക്ക് മാറി ഫിലാഡൽഫിയയിലാണ് വീട് വാങ്ങിയത്.സുജിത്തിന്റെ സഹോദരിമാരും ഇവിടെ അടുത്തുണ്ട്.

മക്കളുടെ ജനനത്തിന് ശേഷം വീണ്ടും പഠനം തുടരണമെന്നത് സ്വന്തം ആഗ്രഹപ്രകാരം എടുത്ത തീരുമാനമായിരുന്നോ?

ഇളയ മകന് മൂന്ന് വയസ്സായപ്പോൾ സുജിത്തിന്റെ നിർബന്ധപ്രകാരമാണ് പി.എച്ച്.ഡി ചെയ്തത്. അദ്ധ്യാപനമാണ് എന്റെ മേഖലയെന്ന് അദ്ദേഹം പറയുമായിരുന്നു. ബെഡ്സൈഡ് നഴ്സായുള്ള ജോലിക്കും ഭാര്യ-അമ്മ എന്നീ ഉത്തരവാദിത്തങ്ങൾക്കുമൊപ്പം ദൈവാനുഗ്രഹംകൊണ്ട് പഠനവും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു.സുജിത്തിന്റെ മാതാപിതാക്കൾ ഞങ്ങളുടെ ഒപ്പമാണ് താമസം.വീട്ടുകാര്യങ്ങളും കുട്ടികളുടെ കാര്യങ്ങളും അവർ നോക്കിയതുകൊണ്ടുകൂടിയാണ് ഇതെല്ലാം സാധ്യമായത്.അഞ്ചുവർഷത്തെ പ്രയത്നത്തിന്റെ ഫലമായി,

കാൻസാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് 2016 ൽ ഡോക്ടറേറ്റ് നേടി. രണ്ടു വർഷം നഴ്സ് പ്രാക്റ്റീഷനർ കോഴ്സും ചെയ്തു. വൈഡ്നർ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് നഴ്സിങ്ങിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തുവരികയാണ്. പാർട്ട്-ടൈം നഴ്സ് പ്രാക്ടീഷണറായും പ്രവർത്തിക്കുന്നുണ്ട്.

ഈ തിരക്കുകൾക്കിടയിൽ സംഘടനാപ്രവർത്തനങ്ങളിലേക്കും കടന്നല്ലോ?

കേരള ലിറ്റററി അസോസിയേഷൻ ഓഫ് അമേരിക്ക (കല) എന്ന സംഘടനയുടെ വിമൻസ് ഫോറം ചെയറായി.രണ്ടുതവണ കലയുടെ പ്രസിഡന്റായും പ്രവർത്തിച്ചു. കലയിലൂടെയാണ് ഫോമായിൽ എത്തുന്നത്.2016-18 ൽ ഫോമയുടെ മിഡ് അറ്റ്ലാന്റിക് റീജിയന്റെ ചാരിറ്റി കോ-ഓർഡിനേറ്ററായി.2018-20 ൽ ഫോമയുടെ വിമൻസ് റെപ്പായി.2020-22 ഫോമായുടെ മിഡ്-അറ്റ്ലാന്റിക് റീജിയന്റെ സെക്രട്ടറിയായിരുന്നു. 2022-24 കാലയ

ഉവിൽ ഫോമായുടെ ജോയിന്റ് സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ടു. ഭർത്താവിന്റെയും മക്കളുടെയും പിന്തുണയും പ്രോത്സാഹനവും കൊണ്ടാണ് സംഘടനാപ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു പോകുന്നത്.എല്ലാ യാത്രകളിലും അവർ ഒപ്പമുണ്ട്.

ഫോമായിലെ സ്ത്രീ പ്രാതിനിധ്യത്തിൽ സംതൃപ്തയാണോ?

ബെന്നി വാച്ചാച്ചിറ പ്രസിഡന്റും ജിബി തോമസ് സെക്രട്ടറിയുമായിരുന്ന 2016 18 കാലഘട്ടത്തിൽ,ഫോമായിൽ സ്ത്രീകൾക്ക് ഒരുപാട് അവസരം ലഭിച്ചിട്ടുണ്ട്. മിഡ് - അറ്റ്ലാന്റിക് റീജിയന്റെ ചാരിറ്റി ചെയർ എന്ന നിലയിൽ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. സ്ത്രീകളെയും യുവാക്കളെയും സംഘടനയുടെ ശക്തി കേന്ദ്രങ്ങളാക്കാൻ ജിബി തോമസ് നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണ്.ഇപ്പോഴും ജിബി സംഘടനയിലെ സജീവപ്രവർത്തകനാണ്.വനിതകൾക്ക് ഏറെ പ്രാധാന്യം നൽകുന്നതാണ് മിഡ് -അറ്റ്ലാന്റിക് റീജിയന്റെ പ്രത്യേകത. കല എന്ന സംഘടനയാണ് എന്നെ എൻഡോർസ് ചെയ്തത്.കേരളത്തിലെ പ്രളയത്തിലും കോവിഡ് പ്രതിസന്ധിയിലും ഫണ്ട് റെയ്സിംഗ് നടത്തി ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചു.ഫോമായുടെ വിമൻസ് ഫോറവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നുണ്ട്. കേരളത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ഉൾപ്പെടെ നിരവധി കാര്യങ്ങൾ ഫോമായുടെ വിമൻസ് ഫോറം ചെയ്യുന്നുണ്ട്. പ്രാദേശിക സംഘടനകളിലൂടെയും ജനോപകാരപ്രദമായ പല പദ്ധതികളും സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.പ്രൊഫഷണലായി കഴിവുറ്റ സ്ത്രീകളുടെ പങ്കാളിത്തം ഫോമായ്ക്ക് കൂടുതൽ കരുത്തേകുന്നുണ്ട്. മൾട്ടി-ടാസ്കിങ്ങിൽ വനിതകൾക്ക് പ്രത്യേക മികവുള്ളതുകൊണ്ട്, ഏല്പിക്കുന്ന കാര്യങ്ങളുടെ പൂർണ്ണതയ്ക്ക് വേണ്ടി ഏതറ്റം വരെയും പോകാറുണ്ട്. എല്ലാ സംഘടനകളിലും

എന്നതുപോലെ ഫോമായിലും പുരുഷന്മാരാണ് കൂടുതൽ ഉന്നത സ്ഥാനങ്ങളിലുള്ളത്. അത് അധികം സ്ത്രീകൾ മുന്നോട്ടുവരാത്തതുകൊണ്ടാണ്.

എക്സ്ക്യൂട്ടീവ് കമ്മിറ്റിയിൽ താങ്കളെപ്പോലൊരു സ്ത്രീ പ്രതിനിധി ഉള്ളത്, മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?

സ്ത്രീകൾ കൂടുതൽ മുന്നോട്ടുവരണമെന്നാണ് ആഗ്രഹം.അതിനായി ശ്രമിക്കുന്നുമുണ്ട്. എന്നാൽ,അത് മാത്രമല്ല ലക്ഷ്യം. ഇവിടുള്ള മലയാളി കുടുംബങ്ങൾ ഒന്നടങ്കം ഫോമായുടെ ഭാഗമാകുന്ന സ്ഥിതിയിലേക്ക് സംഘടന വളരണം. ഒരു കുടുംബത്തിൽ നിന്നുതന്നെ അച്ഛനും അമ്മയും മക്കളും സംഘടനയിൽ പങ്കുചേരണം. മറ്റൊരു രാജ്യത്ത് ജനിച്ചുവളരുന്ന കുട്ടികളെ നമ്മുടെ സംസ്കാരവുമായി ചേർത്തുനിർത്താൻ അത് ഉപകരിക്കും.ഫോമായുടെ ആവശ്യങ്ങൾക്ക് ഞാൻ എപ്പോഴും കുടുംബസമേതമാണ് പോകുന്നത്.ക്യാമ്പെയ്നിങ്ങിനായാലും മീറ്റിംഗിനായാലും സുജിത്തും മക്കളും ഒപ്പമുണ്ടാകും. എല്ലാവരും ആ രീതി പിന്തുടർന്നാൽ,വലിയ മാറ്റമുണ്ടാകും.എന്റെ സ്വപ്നങ്ങളിൽ ഒന്നാണ് അതെന്ന് പറയാം. സംഘടനയിലേക്ക് പുതുതലമുറയെ കൂടുതൽ അടുപ്പിക്കണം. ഫോമായുടെ കാൻകൂൺ കൺവൻഷനിൽ എന്റെ മൂത്ത മകൻ



സിദ്ധാർഥ് മിസ്റ്റർ ഫോമയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

നേട്ടങ്ങൾ,പുരസ്കാരങ്ങൾ?

വനിതാ ദിനത്തിൽ ഫോമയുടെ വിമൻസ് ഫോറത്തിന്റെ സ്പെഷ്യൽ ജൂറി പുരസ്കാരം ലഭിച്ചിരുന്നു. സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട ശേഷമുള്ള ഏറ്റവും വലിയ ബന്ധങ്ങൾ ഒരുപാട് ബന്ധങ്ങൾ ഉണ്ടായി എന്നുള്ളതാണ്.അമേരിക്കയിലെ ഏത് സംസ്ഥാനത്തായാലും ഒരു ആവശ്യം വന്നാൽ, സഹായിക്കാൻ ആളുണ്ട്. ആരെങ്കിലും സഹായം അഭ്യർത്ഥിച്ചാൽ അത് എത്തിക്കാനുള്ള മാർഗമൊരുക്കാനും സാധിക്കും. കാനഡയിലും ധാരാളം സുഹൃത്തുക്കളുണ്ട്. സൗഹൃദങ്ങൾ തന്നെയാണ് ഏറ്റവും വലിയ നേട്ടം.

കേരള കൺവൻഷനിലെ 'സമ്മർ ടു കേരള' യുടെ വിജയത്തെക്കുറിച്ച്?

സമ്മർ ടു കേരള എന്റെ മനസ്സിൽ വന്നൊരു ആശയമാണ്.രണ്ടുവർഷം മുൻപ് നാട്ടിൽ വന്നപ്പോൾ മക്കൾക്കൊപ്പം ഒരു അനാഥാലയത്തിൽ കുറച്ച് സമയം ചെലവഴിച്ചിരുന്നു.അടുത്ത വെക്കേഷന് ഒരുങ്ങിയപ്പോൾ, മൂത്ത മകൻ അവന്റെ പോക്കറ്റ് മണിയിൽ നിന്ന് മിച്ചം പിടിച്ച പണവുമായി എന്റെ അരികിൽ വന്നു. അന്ന് പോയ ഓർഫനേജിൽ വീണ്ടും പോകണമെന്നും



അവിടത്തെ കുട്ടികൾക്ക് അവന്റേതായ ഒരു തുക നൽകണമെന്നും മോൻ ആവശ്യപ്പെട്ടപ്പോൾ,അമ്മയെന്ന നിലയിൽ അഭിമാനം തോന്നി. കേരളത്തിൽ അവധിക്കാലം ചിലവഴിക്കുക എന്നുപറയുന്നത് അടിച്ചുപൊളിക്കൽ മാത്രമല്ലെന്നും ഇവിടത്തെ കഷ്ടതകളും പ്രശ്നങ്ങളും നേട്ടങ്ങളും സംസ്കാരവും എല്ലാം പുതുതലമുറ തൊട്ടറിയണം എന്നുമുള്ള ചിന്തയിൽ നിന്നാണ് 'സമ്മർ ടു കേരള' ചിറകുവിരിച്ചത്.എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഇക്കാര്യം അവതരിപ്പിച്ചപ്പോൾ, എല്ലാവർക്കും താല്പര്യമായി.ഫോമാ പ്രസിഡന്റ് ഡോ.ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണിക്കടവിൽ, വൈസ് പ്രസിഡന്റ് സണ്ണിവള്ളിക്കളം, ജോയിന്റ് ട്രഷറർ ജെയിംസ് ജോർജ് എന്നിവർ ഏറെ പിന്തുണച്ചു.കുട്ടികളെയും കൊണ്ട് കേരളത്തിലേക്കൊരു യാത്ര എന്നത് ഫോമായുടെ ചരിത്രത്തിൽ തന്നെ ആദ്യമാണ്.

നാലു ദിവസം നീണ്ടുനിന്ന 'സമ്മർ ടു കേരള' കുട്ടികൾ ആസ്വദിച്ചോ?

തീർച്ചയായും.ഞാനും ഫോമാ പ്രസിഡന്റ് ഡോ.ജേക്കബ് തോമസ്, സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു ജോയിന്റ് ട്രഷറർ ജെയിംസ് ജോർജ്,കേരള കൺവൻഷൻ ചെയർ തോമസ് ഒലിയാംകുന്നേൽ എന്നിവരും ഇതിൽ പങ്കെടുക്കാൻ അമേരിക്കയിൽ നിന്ന് കേരളത്തിൽ എത്തിയിരുന്നു. കുട്ടികൾക്ക് വേറിട്ട അനുഭവങ്ങൾ സമ്മാനിക്കുന്നതിൽ 'സമ്മർ ടു കേരള' പൂർണമായും വിജയിച്ചു.നല്ല മഴയായിരുന്നു. എന്നാണ് ഒപ്പമുള്ള കുട്ടികൾ പറഞ്ഞത്.അവർ അത്രയധികം ആവേശത്തിലായിരുന്നു. പരിമിതമായ സൗകര്യങ്ങളോടെ പുത്തൻതോപ്പ് എന്ന ഗ്രാമത്തിൽ നടത്തുന്ന എൽപി സ്കൂളാണ് ആദ്യം സന്ദർശിച്ചത്. അവിടത്തെ കുട്ടികൾക്ക് നമ്മുടെ കുട്ടികൾ ചോക്ളേറ്റ് വിതരണം ചെയ്ത് അവരോട് മലയാളത്തിൽ സംസാരിക്കുകയും പാട്ടുപാടിക്കൊടുക്കുകയും ഒക്കെ ചെയ്തു.അവരുടെ ആവശ്യമറിഞ്ഞയുടൻ, പ്രിന്ററും സ്കാനറും നൽകാൻ സാധിച്ചതിലും സന്തോഷമുണ്ട്.

ബ്ലാക്ക് ബോർഡിൽ ചോക്കുകൊണ്ട് എഴുതിപ്പഠിപ്പിക്കുന്നതൊക്കെ അവർക്ക് പുതിയ കാഴ്ചയായിരുന്നു.പിന്നീട്,ലുലു മാളിൽ പോയി. ഇത്രയധികം കുട്ടികൾ ഒന്നിച്ച് റൈഡിലും ഗെയിമിലും ഏർപ്പെട്ടപ്പോൾ അതേറെ ആസ്വാദ്യകരമായി.പിന്നീട്, പത്മനാഭസ്വാമി ക്ഷേത്രവും അശ്വതി തിരുനാൾ ലക്ഷ്മീബായ് തമ്പുരാട്ടി താമസിക്കുന്ന കവടിയാർ കൊട്ടാരവും സന്ദർശിച്ചു.മജീഷ്യൻ ഗോപിനാഥ് മുതുകാട് നടത്തുന്ന ഡിഫറന്റ് ആർട്സ് സെന്ററിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കൊപ്പം കുറെ സമയം ചിലവിട്ടു.അവി

ടുത്തെ കുട്ടികളുടെ പാട്ടും മാജിക് ഷോയും എല്ലാം കണ്ടു. അവരുടെ അമ്മമാർ നമ്മുടെ കുട്ടികളോട് സംസാരിക്കുകയും സാഹചര്യങ്ങൾ വിശദീകരിക്കുകയും ചെയ്തപ്പോൾ എല്ലാവരുടെയും കണ്ണുനിറഞ്ഞു.മുഖ്യമന്ത്രി പിണറായി വിജയനൊപ്പം ക്ലിഫ് ഹൗസിൽ 45 മിനിറ്റ് നേരം ഒരു ഇന്ററാക്ടിവ് സെഷന് അവസരം ലഭിച്ചതും അസുലഭമായ ഭാഗ്യമാണ്.ഇളനീർ നൽകി ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. കുട്ടികളുടെ എല്ലാ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അദ്ദേഹം ക്ഷമയോടെ കൃത്യമായ മറുപടി നൽകി. മുൻ അംബാസഡർ ടി.പി.ശ്രീനിവാസൻ സാറിന്റെ വസതിയിലും കുട്ടികളെ കൂട്ടിക്കൊണ്ടുപോയി. അവിടെയും ഒരുമണിക്കൂറോളം ചിലവഴിച്ചു.

കൊച്ചി ഗ്രാൻഡ് ഹയാത് ഹോട്ടലിൽ നടൻ ജയസൂര്യയ്ക്കൊപ്പം ബോട്ടിൽ ഒരുക്കിയ കൂടിക്കാഴ്ച കുട്ടികൾ ഒരുപാട് ആസ്വദിച്ചു. താരജാടകളില്ലാതെ നമ്മളിലൊരാളായി മാറാനുള്ള അദ്ദേഹത്തിന്റെ കഴിവാണ് എടുത്തുപറയേണ്ടത്. ആ രാത്രി അവസാനിക്കരുതേ എന്ന് തോന്നിപ്പോകുന്നു എന്നാണ് കുട്ടികൾ പറഞ്ഞത്. നാട്ടിൽ വന്നാൽ കൊതുകാണ്,രസമില്ല എന്നൊക്കെ പരാതി പറയാറുള്ള കുട്ടികളുടെ വായിൽ നിന്ന് ഇവിടെ നിൽക്കാൻ ആഗ്രഹം തോന്നുന്നു എന്ന് കേൾക്കുന്നതിനപ്പുറം എന്താണ് സന്തോഷിക്കാൻ വേണ്ടത്.

കുടുംബം?

ഭർത്താവ് സുജിത്ത് ശ്രീധർ മല്ലപ്പള്ളി ചെങ്ക

ല്ലിൽ കുടുംബാംഗമാണ്. ഐടി പ്രൊഫഷണലായ അദ്ദേഹം, ഇപ്പോൾ കല എന്ന സംഘടനയുടെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.സുജിത്തിന്റെ അച്ഛൻ ശ്രീധരൻ,അമ്മ സൗദാമിനി.ഇരുവരും എന്നെ സ്വന്തം മകളെപ്പോലെയാണ് കാണുന്നത്. മൂത്തമകൻ സിദ്ധാർഥ് ശ്രീധർ ഹൈസ്കൂൾ കഴിഞ്ഞ് കോളജിലേക്ക് പോകാനുള്ള തയ്യാറെടുപ്പിലാണ്.മോഡലിങ്ങിൽ താല്പര്യമുണ്ട്.ഇളയ മകൻ ശ്രേയസ് ഇനി പത്താം ക്ലാസിലേക്ക്.

എന്റെ പപ്പ മണവുങ്കൽ ഗോപി,അമ്മ ശാന്ത.ഏക സഹോദരി സ്മിത അഭിലാഷ് കുടുംബസമേതം ലണ്ടനിലാണ്.

ജീവിതം പഠിപ്പിച്ച പാഠം?

നമ്മുടെ വിജയത്തിന് ഒരുപാട് പേർ സഹായിച്ചിട്ടുണ്ട്. ഒരുപാട് കഷ്ടപ്പെട്ടും പല ത്യാഗങ്ങൾ സ ഹിച്ചുമാണ് ഇവിടെവരെ എത്തിയത്. അതിന് കാരണമായവരെ ഒരിക്കലും വിസ്മരിക്കില്ല. ഒന്നും ശാശ്വതമല്ല എന്നുള്ള വലിയ പാഠം കോവിഡ് സമയത്ത് പഠിച്ചു. ആഗ്രഹങ്ങൾ മാറ്റി വയ്ക്കരുത്. നാളെ എന്ത് സംഭവിക്കുമെന്ന് ആർക്കും അറിയില്ല. ഓരോരോ തിരക്കുകളിൽ ഏർപ്പെട്ട് സ്വപ്നങ്ങൾ മാറ്റിവയ്ക്കുന്നവരാണ് സ്ത്രീകൾ.അത് പാടില്ല.ഇന്ന് ചെയ്യാനുള്ളത് ഇന്ന് തന്നെ ചെയ്യണം.ജോലിക്കും മറ്റുപ്രവർത്തനങ്ങൾക്കും ഒപ്പം തന്നെ, കുടുംബത്തിനുവേണ്ടിയും കൂടുതൽ സമയം കണ്ടെത്തണം.